LIBRARY ARCHIVES Kerala Legislative Assembly

കടലുണ്ടിപ്പുഴയുടെ തീരത്ത് ചാമക്കയത്ത് പുഴയോര പാർക്ക്

353(3278) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ മലപ്പുറം-പരപ്പനങ്ങാടി റോഡിൽ കടലുണ്ടിപ്പുഴയുടെ തീരത്ത് ചാമക്കയത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ പുഴയോര പാർക്കിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ ?

ഉത്തരം

(എ) കടലുണ്ടിപ്പുഴയുടെ തീരത്ത് ചാമക്കയത്ത് പുഴയോരപാർക്കിനുള്ള ബ്യൂട്ടിഫിക്കേഷൻ പ്രവൃത്തിയുടെ 30% പണികൾ പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി&സി) നിലവിലുണ്ടായിരുന്ന വലിയ ഓവ് പാലം ഇരുവശത്തേക്കും വീതികൂട്ടി കൈവരികൾ നിർമ്മിക്കുകയും, റോഡ് വീതികൂട്ടി ബി.എം & ബി.സി ചെയ്യാനും, ഫുട്പാത്ത് നിർമ്മിക്കാനുമുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

തൃക്കടാരിപ്പൊയിൽ-ഇട്ടമ്പ-കണ്ണവം റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി

354(3279) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ- ഇട്ടമ്പ-കണ്ണവം റോഡുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കോടതി വ്യവഹാരങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) കോടതി വ്യവഹാരങ്ങൾ തീർപ്പാക്കി റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?